HON'BLE MR. C. KESAVAN : ഈ ബിൽ പാസാക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

HON'BLE MR. K. M. KORAH : I second it.

MR. PRESIDENT : ഈ ബിൽ പാസ്സാക്കണമെന്ന അപേക്ഷയെ സ്വീകരിക്കുന്നവർ കൈപൊക്കണം. (കൈപൊക്കി) എതിർക്കുന്നവർ കൈപൊക്കണം. (കൈപൊക്കി) ഭൂരിപക്ഷം അനുകൂലിക്കുന്നവർ ആയതുകൊണ്ട് ബിൽ പാസ്സാക്കിയിരിക്കുന്നു.

THE TRAVANCORE TEA CONTROL ACT (AMENDMENT) BILL.

HON'BLE MR. T. M. VARGHESE : ഞാൻ തേയില നിയന്ത്രണ ഭേദഗതി ബിൽ അവതരിപ്പിച്ചുകൊള്ളുന്നു. ഇൻറർ നാഷണൽ ടീ കണ്ടോം ആക്ടിറിലെ താല്പര്യപ്രകാരം ഇൻഡ്യാഗവണ്മെൻറ് ഫൻറ് വ്യ-ൽ നടപ്പിലാക്കിയ ബിൽ ഫൻർ വ്യ-ൽ വീണ്ടും അവർത്തിച്ച് ഫൻ@ o വരെ ഉൗർജിതത്തിൽ വരുത്തിയിരിക്കുന്നു. ടീ ഇവിടെ ഉള്ളതുകൊണ്ട് ഈ ബില്ല് നമ്മുടെ രാജ്യത്തിനും വിധേയമാണ്. നമുക്ക് ഈ ബിൽ ഇപ്പോൾ വളരെ ആവശ്യമാണെന്നു ബോധ്യമുള്ളതുകൊണ്ടാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു്. മുൻപ് ഒരാക്ടറായി പാസ്സാക്കിയ ബില്ലു തന്നെ, ഇൻഡ്യാഗവണ്മെൻറിനെ അനുകരിച്ചു ഫൻ@ o വരെ ഉൗർജിതത്തിൽ വരുന്നതിനു വേണ്ടിയാണു വീണ്ടും പാസ്സാക്കുന്നതു്. അതിനാൽ ഈ ബിൽ ഈ സഭയുടെ അംഗീകാരത്തിനായി ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

MR. T. A. ABDULLA : Sir, while seconding the Bill I wish to make a few observations. As will be seen from the Bill itself, for the purpose of continuity this Bill should have been brought before the House very much earlier so that it could have been passed before the day on which it is to come into effect according to the present Bill. That is, this Bill is now a belated one because in consonance with the policy with regard to these matters, for the purpose of uniformity a parallel legislation to the Indian Act should have been passed here before the date on which the previous Act expired. In any case, since it is a belated Act I am positively of the opinion that all the stages must be rushed through today itself. At the same time I wish to point out that a very serious matter has to be considered by this House. The Bill gives retrospective effect to the legislation. Any legislation which gives retrospective effect must be carefully considered. By the indifference of the Travancore Government there came into existence a period in which every citizen of Travancore had the right to plant tea as he wished without any restriction. Under the original Tea Control Act there are certain penal provisions. If retrospective effect is given to this Act, the actions done when the legislation was not in force

LIBRARY ARCHIVES Kerala Legislative Assembly

would be penalised. Things done lawfully at the time would become penal. I would bring this matter for the consideration of the Hon'ble Minister and suggest to him to find out a way so that nobody who had done things lawfully would be penalised. I second the Bill.

MR. K. A. MATHEW: ഇൻഡ്യാഗവണ്മെൻറ് എന്നാണ് ഈ അക്ററ് എക്സ്റ്റൻഡു ചെയ്തത് ? ഫൻർ വു-ലാണോ അതിനു മുമ്പാണോ ?

HON'BLE MR. T. M. VARGHESE : അതു് തീർച്ചയായി അറിഞ്ഞുകൂടാ. എങ്കിലും കഴിഞ്ഞ ഏപ്രിൽ ഫാം തീയതിക്കു മുൻപായി പാസ്സാക്കി എന്നറിവുണ്ടു്.

MR. K A. MATHEW : അപ്പോൾ ഇവിടെ ഒരു വലിയ ബാഹ്മിന തന്ത്രമാണല്ലൊ വന്നിരിക്കുന്നതു്.

HON'BLE MR. T. M. VARGHESE : അതേ, എങ്കിലും റിട്രോസ്പക്ററീവു് എഫക്ററിൽ ഏതെങ്കിലും ബില്ലു് പാസ്സാക്കാമെങ്കിൽ അമെൻറുമെൻറും പാസ്സാക്കാം. ബഹു: മെമ്പർ മി. അബ്ദുള്ള പ്രസ്താവിച്ചതുപോലെ ഏതെങ്കിലും അവകാശത്തിനു് ന്യൂനത സംഭവിക്കുന്നുണ്ടെങ്കിൽ ചെയ്യാൻ പാടില്ലെന്നല്ലാതെ റിട്രോസ്പെക്ററീവു് എഫെക്ററിൽ നിയമങ്ങൾ കൊണ്ടുവരാൻ പാടില്ലെന്നില്ല. പക്ഷെ അതത്ര നന്നല്ല. ഇതു് മുമ്പു തന്നെ ചെയ്യേണ്ടതായിരുന്നു. അന്നത്തെ ഗവണ്മെൻറു് അതു് ചെയ്തിട്ടില്ല. ഞാൻ ഏതെങ്കിലും ഗവണ്മെൻറിനെ കുററപ്പെടുത്തുകയല്ല. ഫൻർ വു മാർച്ചു് അവസാനത്തിലാണു് ഈ ഗവണ്മെൻറു വന്നതു്. ഇതിനിടയ്ക്കുള്ള അന്തരാളഘട്ടത്തിൽ അങ്ങനെ കിടന്നുപോയതായിരിക്കാം.

MR. K. A. MATHEW : നിലവിലില്ലാത്ത ഒരു അക്ററിനെ അമൻറു ചെയ്യുന്നതെങ്ങിനെയെന്നാണു് പിന്നെയും ഞാൻ സംശയിക്കുന്നതു് ?

HON'BLE MR. T. M. VARGHESE : ഇപ്പോൾതന്നെ ഇതു താമസിച്ചുപോയി. ഇനിയും താമസിപ്പിക്കുന്നതു് ശരിയല്ലെന്നു കരുതിയാണു് ഇപ്പോൾതന്നെ കൊണ്ടുവന്നതു്. ബ്രിട്ടീഷ് ഇൻഡ്യയിൽ ഇങ്ങനെയൊരു ബില്ലു് പാസ്സാക്കിയിട്ടുണ്ടു്. അതു് ഫൻ ൩൦ വരെ ഊർജ്ജിതത്തിലിരിക്കുന്നതാണെന്നും ബില്ലിൽ പറഞ്ഞിട്ടുണ്ടു്. ഇപ്പോൾ ഇതു് ഗവണ്മെൻറിന്റേയും ഒരാവശ്യമാണു്. റീ പ്ലാൻറു ചെയ്യുന്ന സ്ഥലങ്ങളെ സംബന്ധിച്ചു് ഇൻഡ്യാഗവണ്മെൻറു പാസ്സാക്കിയിട്ടുള്ള നിയമം അനുസരിച്ചു് നാമും അങ്ങനെ ഒരു നിയമം പാസ്സാക്കുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

MR. P. S. MOHAMMED : അതുകൊണ്ട് അതു് ഇപ്പോൾ മുതൽ എഫെക്റ്റിൽ വരുത്തിയാൽ പോരെ?

HON'BLE MR. T. M. VARGHESE : മൂന്നു മാസം നിയമം ഇല്ലാതെ ഇരുന്നു എന്ന അപരാധം വേണ്ടാ. മുമ്പേതന്നെ പാസ്സാക്കി എന്നു പറയുന്നതുകൊണ്ടു ദോഷമൊന്നുമില്ല. നിയമജ്ഞന്മാർ പറഞ്ഞതും അങ്ങനെ ചെയ്താൽ മതിയെന്നാണു്.

MR. S. NILAKANTA IYER : പഴയ അക്റ്റു് ഉദ്ദേശിത്തിൽ ഇരിക്കുകയാണെങ്കിൽ അതിനെ എക്സ്റ്റെൻറു ചെയ്യാം. പഴയ അക്റ്റില്ലാത്ത സ്ഥിതിക്കു് പുതുതായി ഒരു ബില്ലു കൊണ്ടു വരാമെന്നല്ലാതെ എക്സ്റ്റെൻറു ചെയ്യുകയെന്നു പറയുന്നതിനു് അർത്ഥമൊന്നുമില്ല. പഴയ അക്റ്റു ഉണ്ടായിരുന്നെങ്കിൽ റിട്രോസ്പെക്റ്റീവു് എഫെക്റ്റിൽ അമൻറുമെൻറു് കൊണ്ടുവരാം. ഒരക്റ്റു് ഇല്ലാതിരിക്കെ എക്സ്റ്റെൻറു് ചെയ്യുന്നതു് ശരിയാണോ എന്നെനിക്കു് സംശയമായിരിക്കുന്നു. അതുകൊണ്ടു പുതുതായി ഒരു അക്റ്റുകൊണ്ടു വരണം.

MR. PRESIDENT : ഇതിനെപ്പറ്റിയുള്ള ചർച്ചയും ബാക്കിയുള്ള ലെജിസ്ലേറ്റീവു് ബിസിനസ്സും അഗസ്റ്റു് 6-ാംതിയതി നടത്തുന്നതാണു്. ഈ സഭ ഇപ്പോൾ പിരിയുന്നതും അഗസ്റ്റു് 6-ാംതിയതി രാവിലെ പതിനൊന്നു മണിക്കു് വീണ്ടും കൂടുന്നതുമായിരിക്കും.

The House rose at 4-35 P. M.

R. KERALAVARMA THIRUMULPAD,
Ag. *Secretary to the Legislative Assembly.*

LIBRARY ARCHIVES Kerala Legislative Assembly